18 (520) കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിന്റെ മാനേജിംഗ് ഡയറക്ടർ

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ കമ്പനികളിൽ ഏതെങ്കിലും ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനം ലാഭകരമാണോ;

(സി) ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടറുടെ നിയമനം മുതൽ കമ്പനിക്ക് ലാഭമാണോ നഷ്ടമാണോ എന്നു വെളിപ്പെടുത്തുമോ;

(ഡി) ഇദ്ദേഹത്തെ കമ്പോണന്റ് കോംപ്ലക്സിൽ എം.ഡി. ആയി നിയമിച്ചതും റിട്ടയർ ചെയ്തിട്ടും സർവ്വീസ് നീട്ടിക്കൊടുത്തതും ഏത് മാനദണ്ഡത്തിലാണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) ലാഭകരമാണ്.

(സി) ഈ കമ്പനി 1981-82 മുതൽ പ്രവർത്തനലാഭം ഉണ്ടാക്കുന്നുണ്ട്.

(ഡി) അദ്ദേഹത്തിന്റെ സേവനകാലത്ത് കമ്പനി ലാഭകരമായി പ്രവർത്തിച്ചിരുന്നതുകൊണ്ട് ആ സ്ഥിതി നിലനിർത്തുന്നതിനായിട്ടാണ് സർവ്വീസ് നീട്ടിക്കൊടുത്തത്.

19 (521) കൈത്തറി-തുകൽ ഉല്പന്നങ്ങളുടെ കയറ്റുമതി

ശ്രീ. സി.കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി, തുകൽ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ സർക്കാരിൽ നിന്നും നൽകുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങൾ;

(ബി) കെട്ടിക്കിടക്കുന്ന കൈത്തറി ഉല്പന്നങ്ങൾ അടിയന്തിരമായി വിറ്റഴിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(സി) കൈത്തറി തുണികളിൽമേൽ റിബേറ്റ് ലഭിക്കുന്നതിന് വേണ്ടി വ്യാജരേഖകൾ ഉണ്ടാക്കി യഥാർത്ഥ കൈത്തറി തൊഴിലാളികൾക്കും വ്യവസായികൾക്കും ഹാനികരമായ വിധത്തിൽ പ്രവർത്തിക്കുന്ന സംഘടനകളെ നിരുത്സാഹപ്പെടുത്തുന്നതിനും നിരോധിക്കുന്നതിനും എന്തു നടപടി എടുത്തു എന്നു വിശദമാക്കുമോ?

207/2010.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൈത്തറി ഉല്പന്നങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ട്. എക്സ്പോർട്ട് മാർക്കറ്റ് ഇൻസെന്റീവ് പദ്ധതിയനുസരിച്ച് കയറ്റുമതി ചെയ്യുന്ന കൈത്തറി ഉല്പന്നങ്ങളുടെ വിലയുടെ 20 ശതമാനം (പരമാവധി 20 ലക്ഷം രൂപ) ഒരു സംഘത്തിന് ഒരു വർഷം എന്ന നിരക്കിൽ വിതരണം ചെയ്തുവരുന്നു. കൂടാതെ വിദേശവിപണി ലഭ്യമാക്കുന്നതിനുതകുന്ന എക്സിബിഷനുകളിൽ ഹാന്റെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾ പങ്കെടുത്ത് ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. ഖാദി ഗ്രാമമേഖലയിൽ തുകൽ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നില്ല.

(ബി) ഉണ്ട്. ഇപ്പോൾ ഉള്ള സ്റ്റോക്ക് പരമാവധി വിറ്റുതീർക്കുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു. പ്രാഥമിക സംഘങ്ങളുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിതരണം നടത്തുന്ന കേന്ദ്രസംഘമായ ഹാന്റെക്സ് അവരുടെ നിലവിലുള്ള സ്ഥിരം വില്പനശാലകൾക്കു പുറമേ 72 പ്രദർശന വില്പനശാലകൾ കൂടി സംഘടിപ്പിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, എക്സ്പോ, എക്സിബിഷൻ എന്നിവ സംഘടിപ്പിച്ച് പരമാവധി ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികളും ഉദ്ദേശിക്കുന്നു. ഹാൻവീവും കെട്ടിക്കിടക്കുന്ന ഇനങ്ങൾ ഉത്സവകാലങ്ങളിൽ ഡിസ്ക്കൗണ്ട് അനുവദിച്ച് വില്പന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റിബേറ്റ് വില്പന കാലയളവിൽ കൈത്തറി വകുപ്പിലെ ഉദ്യോഗസ്ഥൻമാർ സംഘങ്ങളിൽ മിന്നൽ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടുപിടിച്ച് ഒഴിവാക്കുവാൻ ശ്രമിച്ചുവരുന്നു. കൂടാതെ സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥരും സംഘങ്ങളിൽ പരിശോധന നടത്തി ക്രമക്കേടുകൾക്ക് എതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. റിബേറ്റ് ക്ലെയിമുകൾ കർശന പരിശോധന നടത്തി അനർഹമായ അപേക്ഷകൾ നിരസിക്കുകയും ചെയ്യുന്നുണ്ട്.

20 (522) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയിലെ ഉദ്യോഗസ്ഥൻമാരുടെ നിയമനം

ഡോക്ടർ എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിൽ എക്സിക്യൂട്ടീവ്, മിഡിൽ ലെവൽ എക്സിക്യൂട്ടീവ്, ലോവർ കാറ്റഗറി, വർക്കർ കാറ്റഗറി എന്നീ ഓരോ ഇനത്തിലും ഉള്ള ജീവനക്കാരുടെ എണ്ണം എത്രയാണ്; ഓരോ വിഭാഗത്തിലെയും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം എത്രയെന്നു വ്യക്തമാക്കുമോ;

(ബി) പട്ടിക വിഭാഗക്കാർക്ക് നിയമനങ്ങളിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്താൻവേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 20.3.85 ലെ ജി.ഒ. (എം.എസ്)നം. 114/85/ജി.എ.ഡി, 10/11/1993-ലെ ജി.ഒ.(എം.എസ്) 23/93/പിഎൽജി; 22/1/1994ലെ ജി.ഒ.(എം.എസ്) നം. 25/94/ജി.എ.ഡി അടക്കമുള്ള വിവിധ ഉത്തരവുകൾ ഈ കമ്പനിയിൽ നടപ്പാക്കിയിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ ഉചിതമായ നടപടി എടുക്കാൻ സർക്കാർ തയ്യാറാവുമോ;

LIBRARY ARCHIVES Kerala Legislative Assembly